# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2302** **18.03.2015- ൽ മറുപടിക്ക്**

**ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ**

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ; | (എ) ഉണ്ട്. ഹൈക്കോടതി ഉത്തരവ് പ്രകാരം ലിക്വുഡേഷൻ നടപടികൾ നിർത്തിവെച്ച് പുനരുദ്ധാരണത്തിനു ശേഷം 31.08.2009 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. |
| (ബി പ്രവർത്തനം പുനരാരംഭിച്ച ശേഷമുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഒടുവിലെ വർഷത്തെ ലാഭം/നഷ്ടം എത്രയാണ്; | (ബി) ഉണ്ട്. ആഡിറ്റ് പൂർത്തിയായിട്ടില്ല. ഈ സ്ഥാപനത്തിൽ ആഡിറ്ററെ നിയമിക്കുന്നതിനു വേണ്ടിയുള്ള നിയമ നടപടികൾ നടക്കുകയാണ്. |
| (സി) സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലമാക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ? | (സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 2013-14 വർഷത്തേയ്ക്ക് 100 ലക്ഷം രൂപ അനുവദിക്കുകയും 2014-15 വർഷത്തേയ്ക്ക് 150 ലക്ഷം രൂപ നൽകുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം വിപുലമാക്കുന്നതിനു വേണ്ടി കമ്പനിയെ ലിക്വിഡേഷൻ സ്റ്റാറ്റസിൽ നിന്നും പുറത്തു കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ